# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6642    01.11.2011-ൽ മറുപടിയ്ക്ക്

## സബ്സിഡിയോടുകൂടി ഗാർഹിക ഉപഭോക്താക്കൾക്ക് മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. പി.ജെ.ജോസഫ് ( ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂഗർഭ ജലനിരപ്പ് താഴ്ന്നുപോകുന്ന സാഹചര്യം നിലവിലുണ്ടോ; | (എ) | കേരള സംസ്ഥാനത്തിലെ ചില പ്രദേശങ്ങളിൽ ഭൂഗർഭ ജല നിരപ്പ് താഴ്ന്ന് പോകുന്ന സാഹചര്യം നിലവിലുണ്ട്. |
| (ബി) | എങ്കിൽ ജലം റീചാർജ്ജ് ചെയ്യുന്നതിനായി മഴവെള്ളം ഉപയോഗപ്പെടുത്തുംവിധമുള്ള ശാസ്ത്രീയ പദ്ധതികൾ ഗ്രാമീണമേഖലയിൽ ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുമോ; | (ബി) | ഭൂജല വകുപ്പ് അടിയണകൾ, തടയണകൾ തുടങ്ങിയ റീചാർജ്ജ് സ്ട്രക്ച്ചറുകളുടെ സഹായത്തോടെ ഭൂഗർഭ ജല പരിപോഷണത്തിനായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മഴവെള്ളം ഉപയോഗിച്ച് കിണറുകൾ റീചാർജ്ജ് ചെയ്യുന്ന പദ്ധതിയും ഇതിൽ ഉൾപ്പെടുന്നു.<br>'ജലനിധി' രണ്ടാംഘട്ട പദ്ധതിയിൽ ജലം റീചാർജ്ജ് ചെയ്യുന്നതിനും മഴവെള്ളം ഉപയോഗപ്പെടുത്തും വിധമുള്ള ശാസ്ത്രീയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. |
| (സി) | സർക്കാർ സബ്സിഡിയോടുകൂടി ഗാർഹിക ഉപഭോക്താക്കൾക്ക് മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകുമോ? | (സി) | ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ